"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - ശ്രീ മാത്യു മത്തായി ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8 ൽ, റീ സർവ്വേ നമ്പർ 348/2-ൽ പ്പെട്ട 45.00 ആർ പുരയിടം; റീ സർവ്വേ നമ്പർ 348/3-ൽ പ്പെട്ട 17.30 ആർ നിലം; റീ സർവ്വേ നമ്പർ 348/5-ൽ പ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത നടപടി ക്രമം, ബഹു. കേരള ഹൈക്കോടതിയുടെ WA.967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട് ബോട്ട് ഇൻ ലാൻഡ് വസ്തു കക്ഷിക്ക്, ടിയാന്റെ സ്വന്തം ചെലവിൽ തിരികെ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**റവന്യൂ (എസ്) വകുപ്പ്**

**G.O.(Ms)No.98/2023/RD തീയതി,തിരുവനന്തപുരം, 04-05-2023**

പരാമർശം:-
1. ബഹു. കേരള ഹൈക്കോടതിയുടെ WP(C)25553/2014 നമ്പർ കേസിന്റെ 13.01.2016 ലെ വിധിന്യായം
2. ബഹു. കേരള ഹൈക്കോടതിയുടെ WA.No.967/2016 നമ്പർ കേസിന്റെ 25.07.2022 - ലെ വിധിന്യായം·
3. കോട്ടയം ജില്ലാ കളക്ടറുടെ 17.10.2022-ലെ ബി1/12838/09 നമ്പർ കത്ത്
4. ശ്രീ മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട്, കോട്ടയം എന്ന വ്യക്തിയുടെ 19.10.2022-ലെ അപേക്ഷ.

**ഉത്തരവ്**

അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8-ൽ, റീ സർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം; റീ സർവ്വെ നമ്പർ 348/3-ൽപ്പെട്ട 17.30 ആർ നിലം; റീ സർവ്വെ നമ്പർ 348/5-ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു 07.10.1997-ൽ ബോട്ട് ഇൻ ലാൻഡ് ആക്കി ഏറ്റെടുത്ത് പാല റവന്യൂ ഡിവിഷണൽ ഓഫീസറുടെ 11.02.1998-ലെ ഡി-5961/97 നമ്പർ നടപടിക്രമം പ്രകാരം സ്ഥിരീകരിച്ചിരുന്നു. തുടർന്ന് 2008-ലെ ആംനെസ്റ്റി സ്കീം പ്രകാരം ശ്രീ. മാത്യു മത്തായി കുടിശ്ശികയിലെ മുതൽ തുകയുടെ 75% തുകയായ 1,97,348/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ മാത്രം) ഒടുക്കി കുടിശ്ശിക തീർപ്പാക്കിയിരുന്നു.

(2) പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. മാത്യു മത്തായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W. P. (C) No. 25553/2014 നമ്പർ കേസ്, പരാമർശം (1) പ്രകാരം സർക്കാരിനനുകൂലമായി തീർപ്പ് കൽപ്പിച്ചിരുന്നു. എന്നാൽ

പ്രസ്തുത കേസിലെ വിധിന്യായത്തിനെതിരെ ശ്രീ മാത്യു മത്തായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.A. No. 967/2016 നമ്പർ കേസിന്റെ പരാമർശം (2) ലെ വിധിന്യായത്തിൽ കുടിശ്ശിക തുകയ്ക്ക് 12% നിരക്കിൽ കുടിശ്ശിക കക്ഷിയിൽ നിന്നും പലിശ ഈടാക്കുവാനും, കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ലെന്നും ബഹു. കോടതി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം കോടതി അംഗീകരിച്ചിട്ടുള്ള 13,58,816/-രൂപ (പതിമൂന്ന് ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി എണ്ണൂറ്റിപ്പതിനാറ് രൂപ മാത്രം) അടയ്ക്കുവാൻ കക്ഷിക്ക് 30.09.2022 വരെ സമയം അനുവദിച്ചു നൽകുകയും, കക്ഷി തുക അടയ്ക്കുകയാണെങ്കിൽ ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം റദ്ദാക്കണമെന്നും ബഹു. കോടതി ഉത്തരവായിരുന്നു.

(3) ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്മേലുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോടതി നിർദ്ദേശിച്ച തുക ഹർജികക്ഷിയുടെ പക്കൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും, ബോട്ട് ഇൻ ലാൻഡ് വസ്തു വിട്ടു നൽകുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉത്തരവ് നൽകണമെന്നും കോട്ടയം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു. കൂടാതെ പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് വിട്ടു കിട്ടുന്നതിനായി കോട്ടയം ജില്ലാ കളക്ടർ മുമ്പാകെ ശ്രീ. മാത്യു മത്തായി പരാമർശം (4) പ്രകാരം അപേക്ഷയും സമർപ്പിച്ചിരുന്നു.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും സർക്കാർ ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8 ൽ, റീസർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം; റീസർവ്വെ നമ്പർ 348/3-ൽപ്പെട്ട 17.30 ആർ നിലം; റീസർവ്വെ നമ്പർ 348/5-ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡാക്കിയ നടപടിക്രമം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട്, ബോട്ട് ഇൻ ലാൻഡ് വസ്തു കക്ഷിക്ക്, ടിയാന്റെ സ്വന്തം ചെലവിൽ തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) കോട്ടയം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(6) ഇപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ W.A. No. 967/2016 നമ്പർ കേസിന്റെ 25.07.2022 ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR A JAYATHILAK I A S
ADDITIONAL CHIEF SECRETARY

ശ്രീ മാത്യു മത്തായി ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട്, കോട്ടയം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ 1499, തീയതി 03.05.2023 പ്രകാരം)

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോട്ടയം.

തഹസിൽദാർ, മീനച്ചിൽ

വില്ലേജ് ഓഫീസർ, കുറവിലങ്ങാട്

ധനകാര്യ വകുപ്പ് (Exp-D3/3/2023-FIN നമ്പർ തീയതി 03.02.2023 പ്രകാരം)

നിയമ വകുപ്പ് ( നം.ജി2/116/2022/നിയമ നമ്പർ തീയതി 16.09.2022പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Jayalekshmi A C

Date: 05-05-2023 11:38:05

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. റവന്യൂ ഭവന നിർമ്മാണ വകുപ്പമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്.

ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി റവന്യൂ (എസ്) വകുപ്പ്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-05-2023

ഫയൽ നം. റവ-എസ്1/132/2021/റവ. ഇനം നം: 1499

വിഷയം : റവന്യൂ വകുപ്പ് - ശ്രീ. മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി.ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും, അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം; റീസർവ്വെ നമ്പർ 348/3-ൽപ്പെട്ട 17.30 ആർ നിലം; റീസർവ്വെ നമ്പർ 348/5-ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം, ബഹു. കേരള ഹൈക്കോടതിയുടെ WA.967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട് ബോട്ട് ഇൻ ലാൻഡ് വസ്തു കുടിശ്ശിക കക്ഷിയ്ക്ക് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

1499

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | റവ-എസ്1/132/2021/റവ |
| 2 | വകുപ്പ് | റവന്യൂ (എസ്) വകുപ്പ്. |
| 3 | വിഷയം | ശ്രീ. മാത്യൂ മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും, അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8 ൽ റീസർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം; റീസർവ്വെ നമ്പർ 348/3 ൽപ്പെട്ട 17.30 ആർ നിലം; റീസർവ്വെ നമ്പർ 348/5 ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം, ബഹു. കേരള ഹൈക്കോടതിയുടെ WA.967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട് ബോട്ട് ഇൻ ലാൻഡ് വസ്തു കുടിശ്ശിക കക്ഷിക്ക് തിരികെ നൽകുന്നത്- സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29.03.2023 |
| 5 | | |
| | (i) ഇത് സാമ്പത്തിക ബാദ്ധ്യത-യുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ധനകാര്യവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ചിത്ര കെ. ദിവാകരൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | 24.04.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.04.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 01.05.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02.05.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ശ്രീ. മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും, അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 8 ൽ റീസർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം; റീസർവ്വെ നമ്പർ 348/3 ൽപ്പെട്ട 17.30 ആർ നിലം; റീസർവ്വെ നമ്പർ 348/5 ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം, ബഹു. കേരള ഹൈക്കോടതിയുടെ WA.967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട് ബോട്ട് ഇൻ ലാൻഡ് വസ്തു കുടിശ്ശിക കക്ഷിക്ക്, ടിയാന്റെ സ്വന്തം ചെലവിൽ തിരികെ നൽകുന്നത് സംബന്ധിച്ചതാണ് ഈ ഫയൽ.

2. അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8-ൽ, റീ സർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം, റീ സർവ്വെ നമ്പർ 348/3-ൽപ്പെട്ട 17.30 ആർ നിലം, റീ സർവ്വെ നമ്പർ 348/5-ൽപ്പെട്ട 07.68 പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു 07.10.1997-ൽ ബോട്ട്-ഇൻ ലാൻഡ് ആക്കി ഏറ്റെടുത്ത് പാല റവന്യൂ ഡിവിഷണൽ ഓഫീസറുടെ 11.02.1998-ലെ ഡി-5961/97 നമ്പർ നടപടിക്രമം പ്രകാരം സ്ഥിരീകരിച്ചിരുന്നുവെന്ന് കോട്ടയം ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 2008-ലെ ആംനെസ്റ്റി സ്കീം പ്രകാരം ശ്രീ.

മാത്യു മത്തായി കുടിശ്ശികയിലെ മുതൽ തുകയുടെ 75% തുകയായ 1,97,348/- രൂപ ഒടുക്കി കുടിശ്ശിക തീർപ്പാക്കിയിരുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

3. പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് ഭൂമി തിരികെ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. മാത്യു മത്തായി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W. P. (C) No. 25553/2014 നമ്പർ കേസ് സർക്കാരിനനുകൂലമായി തീർപ്പ് കൽപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത കേസിലെ വിധിന്യായത്തിനെതിരെ ശ്രീ മാത്യു മത്തായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.A. No. 967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായപ്രകാരം കുടിശ്ശിക കക്ഷിയിൽ നിന്നും കുടിശ്ശിക തുകയ്ക്ക് 12% നിരക്കിൽ പലിശ ഈടാക്കുവാനും, കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതില്ലെന്നും ബഹു. കോടതി ഉത്തരവായിട്ടുണ്ട് അതിൻപ്രകാരം കോടതി അംഗീകരിച്ചിട്ടുള്ള 13,58,816/-രൂപ (പതിമൂന്ന് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി എണ്ണൂറ്റിപ്പതിനാറ് രൂപ മാത്രം) അടയ്ക്കുവാൻ കക്ഷിക്ക് 30.09.2022 വരെ സമയം അനുവദിച്ച് നൽകുകയും, കക്ഷി തുക അടയ്ക്കുകയാണെങ്കിൽ ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം റദ്ദാക്കണമെന്നും കോടതി ഉത്തരവായിരുന്നു.

4. പ്രസ്തുത വിഷയം സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ശ്രീ. മാത്യു മത്തായി ബഹു. കേരള ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WA No.967/2016 എന്ന കേസിൽ 25.07.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ താഴെപറയും പ്രകാരം വിധിച്ചിട്ടുള്ളതാണ്.-

" Hence, for all these reasons, we are of the view, that the equitable remedy could be extended to the petitioner in the facts and circumstances of this case. Hence it may not be just and

proper to direct that petitioner should pay collection charges at the rate of 5% of the amount. In view of these aspects it is ordered that petitioner may pay the above said requisite amount of Rs.13,58,816/- without any further delay, at any rate on or before 30.09.2022. In the event of the petitioner paying the said amount, then the 6th respondent Tahasildar (RR) will accept the said amount in satisfaction of the revenue dues of the petitioner and cancel the bought-in-land proceedings in respect of the subject property and there shall be no separate collection charges levied on the petitioner under the RR Act. However, in case the petitioner does not pay the requisite amount on or before 30.09.2022, then the bought-in-land proceedings will stand confirmed.

ടി കേസിൽ, ഹർജിക്കാരൻ Amnesty സ്കീം വഴി യഥാവിധി dues ക്ലിയർ ചെയ്തിട്ടുണ്ടെന്നും ടി കേസിന്റെ വസ് തുതകളിലും സാഹചര്യങ്ങളിലും ന്യായമായ പ്രതിവിധി ഹരജിക്കാരന് നൽകണമെന്നും അതിനാൽ അപേക്ഷകൻ തുകയുടെ 5% എന്ന നിരക്കിൽ കളക്ഷൻ ചാർജ് നൽകണമെന്ന് നിർദ്ദേശിക്കുന്നത് ന്യായവും ഉചിതവുമല്ല എന്ന വശങ്ങൾ കണക്കിലെടുത്ത്, മേൽപ്പറഞ്ഞ ആവശ്യമായ തുകയായ 13,58,816/- രൂപ കാലതാമസം കൂടാതെ 30.09.2022-നോ അതിനുമുമ്പോ അപേക്ഷകൻ അടക്കേണ്ടതാണെന്നും ബഹു. കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. മാത്യൂ മത്തായി 30/09/2022 തീയതിയിലോ അതിനുമുമ്പോ Rs.13,58,816/- രൂപ അടയ്ക്കുകയാണെങ്കിൽ ടിയാന്റെ പക്കൽ നിന്നും കളക്ഷൻ ചാർജ്

ഈടാക്കാതെ ടി ഭൂമി ബോട്ട് ഇൻ ലാൻഡ് ആക്കിയ നടപടി റദ്ദാക്കിക്കൊണ്ടു അപേക്ഷകന് വസ്തു തിരികെ നൽകേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. ഈ കേസിൽ കുടിശ്ശികതുക മുഴുവനും കക്ഷി അടച്ചിട്ടുണ്ടെന്നും, സമാനമായ കേസുകളിൽ ബഹു. കോടതി ഈ കേസിന് സമാനമായ വിധിന്യായമാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് സൂചിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത വിധിന്യായങ്ങൾക്കെതിരെ ബഹു. സുപ്രീം കോടതി മുമ്പാകെ Special Leave Petition ഫയൽ ചെയ്തിരുന്നുവെങ്കിലും, ആയത് ബഹു. കോടതി തള്ളിയിരുന്നുവെന്നും, അതിനാൽ ഈ കേസിൽ Special Leave Petition ഫയൽ ചെയ്യാനാവില്ലെന്നും, ഡിവിഷൻ ബഞ്ചിന്റെ പ്രസ്തുത വിധിന്യായം നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പിലാക്കണമെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട്.

6. പ്രസ്തുത വിഷയം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു..

"അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായുള്ള റവന്യൂ റിക്കവറി നടപടികളുടെ തുടർച്ചയായി ശ്രീ. മാത്യു മത്തായി എന്ന വ്യക്തിയിൽ നിന്നും, സർക്കാരിലേക്ക് ബോട്ട് ഇൻ ലാൻഡ് ആയി ഏറ്റെടുക്കുകയും പാല റവന്യൂ ഡിവിഷണൽ ആഫീസർ 11.02.1998-ലെ ഡി-5961/97 നമ്പർ നടപടിക്രമത്തിലൂടെ ലേല സ്ഥിരീകരണം നടത്തിയിട്ടുള്ളതുമായ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം റദ്ദാക്കിക്കൊണ്ട് കോടതി ഉത്തരവ് നടപ്പിലാക്കുന്ന വിഷയത്തിൽ നിയമവകുപ്പിന്റെയും Advocate General-ന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ

വകുപ്പിന് ഉചിത നടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

7. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്മേലുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോടതി നിർദ്ദേശിച്ച തുക കക്ഷിയുടെ പക്കൽ നിന്നും ഈടാക്കിയിട്ടുള്ളതിനാൽ ബോട്ട്-ഇൻ-ലാൻഡ് വിട്ടു നൽകുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉത്തരവ് നൽകണമെന്ന് കോട്ടയം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ബോട്ട്-ഇൻ-ലാൻഡ് വിട്ടു കിട്ടുന്നതിനായി ജില്ലാകളക്ടർ മുമ്പാകെ 19.10.2022-ൽ ശ്രീ. മാത്യു മത്തായി അപേക്ഷയും സമർപ്പിച്ചിരുന്നു.

8. അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി ശ്രീ. മാത്യൂ മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും സർക്കാർ ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ കുറവിലങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 8 ൽ, റീസർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം; റീസർവ്വെ നമ്പർ 348/3 ൽപ്പെട്ട 17.30 ആർ നിലം; റീസർവ്വെ നമ്പർ 348/5 ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡാക്കിയ നടപടിക്രമം ബഹു. കേരള ഹൈക്കോടതിയുടെ WA.967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട്, ബോട്ട് ഇൻ ലാൻഡ് വസ്തു കുടിശ്ശിക കക്ഷിക്ക് തിരികെ നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെയും, നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും, ഫയൽ ചംക്രമണം ചെയ്തപ്പോൾ അടുത്ത മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ശ്രീ. മാത്യു മത്തായി, ഞാറക്കോലിൽ, കോഴ പി. ഒ., കുറവിലങ്ങാട് എന്ന വ്യക്തിയിൽ നിന്നും, അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായി സർക്കാർ ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡാക്കിയ കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, കുറവിലങ്ങാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 8-ൽ, റീസർവ്വെ നമ്പർ 348/2-ൽപ്പെട്ട 45.00 ആർ പുരയിടം, റീസർവ്വെ നമ്പർ 348/3 ൽപ്പെട്ട 17.30 ആർ നിലം, റീസർവ്വെ നമ്പർ 348/5 ൽപ്പെട്ട 07.68 ആർ പുരയിടം എന്നിങ്ങനെ ആകെ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം, ബഹു. കേരള ഹൈക്കോടതിയുടെ WA.967/2016 നമ്പർ കേസിന്റെ 25.07.2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റദ്ദാക്കിക്കൊണ്ട്, ബോട്ട് ഇൻ ലാൻഡ് വസ്തു കക്ഷിക്ക്, ടിയാന്റെ സ്വന്തം ചെലവിൽ തിരികെ നൽകാമോ ?

**GOVERNMENT OF KERALA**
**(Shri Pinarayi Vijayan Ministry)**
**Note for the Council of Ministers**

| | | | |
|---|---|---|---|
| 1 | File No. | : | Rev-S1/132/2021/REV |
| 2 | Department | : | Revenue (S) Department. |
| 3 | Subject | : | Cancellation of bought-in-land procedures carried out for the recovery of Abkari arrears from Sri. Mathew Mathai, Njarakkolil, Kozha P.O., Kuravilangad in 69.98 ares of land comprised in 45.00 ares of dry land in resurvey No. 348/2; 17.30 ares of wet land in resurvey No. 348/3 and 07.68 ares of dry land in resurvey No. 348/5 in block No.8, in Kuravilangad village, in Meenachil Taluk, in Kottayam district, in compliance to the judgment dated 25.07.2022 in WA 967/16 of the Hon'ble High Court of Kerala and to reconvey the bought-in-land to the defaulter-reg. |
| 4 | Date of Chief Minister's order for placing before the Council | : | 29.03.2023. |
| 5 | (i) Does the case involve financial commitments/ implications | : | Yes. |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | | Yes. Remarks of Finance Department incorporated. |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council ? | : | Yes, remarks of Law Department incorporated. |
| 7 | Name of Deputy Secretary who submitted the Draft Note | : | Chithra K. Divakaran |
| 8 | Name of Additional Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 24.04.2023 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V. P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 26.04.2023 |
| 12 | Name of Minister who approved the Draft Note | : | Shri K. Rajan |
| 13 | Date of approval of the Draft Note for the Council by the Minister | : | 01.05.2023 |
| 14 | Date of submission of fair copies | : | 02.05.2023 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and Date of G.O./letter communicating the decision | : | |

## Note for the meeting of the Council of Ministers

This note relates to the cancellation of bought-in-land procedures carried out for the recovery of Abkari arrears from Sri. Mathew Mathai, Njarakkolil, Kozha P.O., Kuravilangad in 69.98 ares of land comprised in 45.00 ares of dry land in resurvey No. 348/2; 17.30 ares of wet land in resurvey No. 348/3 and 07.68 ares of dry land in resurvey No. 348/5 in block No.8, in Kuravilangad village in Meenachil Taluk in Kottayam district, in compliance to the judgment dated 25.07.2022 in WA 967/16 of the Hon'ble High Court of Kerala and to reconvey the bought-in-land to the defaulter at his own expenses.

**2.** District Collector, Kottayam has reported that 69.98 ares of land comprised in 45.00 ares of dry land in resurvey No.348/2; 17.30 ares of wet land in resurvey No.348/3 and 7.68 ares of dry land in resurvey No. 348/5 was taken over as bought-in-land on 07.10.1997 and the process was confirmed as per proceedings No. D-5961/97, dated 11.02.1998 of the Revenue Divisional Officer, Pala. The District Collector has also reported that as per the Amnesty Scheme, 2008, Sri. Mathew Mathai had cleared the dues by remitting 75% of the principal part of the default amount, ie., Rs. 1,97,348/-.

**3.** Then Sri. Mathew Mathai had filed WP(C) No.25553/2014 before the Hon'ble High Court of Kerala and the case was disposed off in favour of Government. Aggrieved by the judgment

of this writ petition, Sri. Mathew Mathai had filed W.A No. 967/2016 before the Hon'ble High Court of Kerala and as per the judgment in this W. A dated 25.07.2022, the Hon'ble Court has ordered to remit 12% interest of the default amount but not to remit any collection charges. The Hon'ble High Court has granted time till 30.09.2022 to the petitioner to remit Rs. 13,58,816/- (Rupees Thirteen lakh fifty eight thousand eight hundred and sixteen rupees only) and further ordered that if the petitioner remits the amount, the bought-in-land proceedings to be cancelled.

**4.** The remarks of law Department in the matter is given below:

"ശ്രീ. മാത്യു മത്തായി ബഹു. കേരള ഹൈക്കോടതി മുൻപാകെ സമർപ്പിച്ച WA No.967/2016 എന്ന കേസിൽ 25.07.2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ താഴെപറയും പ്രകാരം വിധിച്ചിട്ടുള്ളതാണ്.-

" Hence, for all these reasons, we are of the view, that the equitable remedy could be extended to the petitioner in the facts and circumstances of this case. Hence it may not be just and proper to direct that petitioner should pay collection charges at the rate of 5% of the amount. In view of these aspects it is ordered that petitioner may pay the above said requisite amount of Rs.13,58,816/- without any further delay, at any rate on or before 30.09.2022. In the event of the petitioner paying the said amount, then the 6$^{th}$ respondent Tahasildar (RR) will accept the said amount in satisfaction of the revenue dues of the petitioner and cancel the bought-in-land proceedings in respect of

the subject property and there shall be no separate collection charges levied on the petitioner under the RR Act. However, in case the petitioner does not pay the requisite amount on or before 30.09.2022, then the bought-in-land proceedings will stand confirmed.

ടി കേസിൽ, ഹർജിക്കാരൻ Amnesty സ്കീം വഴി യഥാവിധി dues ക്ലിയർ ചെയ്തിട്ടുണ്ടെന്നും ടി കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും ന്യായമായ പ്രതിവിധി ഹരജിക്കാരന് നൽകണമെന്നും അതിനാൽ അപേക്ഷകൻ തുകയുടെ 5% എന്ന നിരക്കിൽ കളക്ഷൻ ചാർജ് നൽകണമെന്ന് നിർദ്ദേശിക്കുന്നത് ന്യായവും ഉചിതവുമല്ല എന്ന വശങ്ങൾ കണക്കിലെടുത്ത്, മേൽപ്പറഞ്ഞ ആവശ്യമായ തുകയായ 13,58,816/- രൂപ കാലതാമസം കൂടാതെ 30.09.2022-നോ അതിനുമുമ്പോ അപേക്ഷകൻ അടക്കേണ്ടതാണെന്നും ബഹു. കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ. മാത്യു മത്തായി 30/09/2022 തീയതിയിലോ അതിനുമുമ്പോ Rs.13,58,816/- രൂപ അടയ്ക്കുകയാണെങ്കിൽ ടിയാന്റെ പക്കൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കാതെ ടി ഭൂമി ബോട്ട് ഇൻ ലാൻഡ് ആക്കിയ നടപടി റദ്ദാക്കിക്കൊണ്ടു അപേക്ഷകന് വസ്തു തിരികെ നൽകേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

**5.** The Advocate General has opined that in this case the defaulter had paid the entire arrears of default amount and in similar cases the Hon'ble Court had issued similar judgments and the Special Leave Petitions filed against those judgments were dismissed by the Hon'ble Court, no special Leave Petition can be filed in this case and the judgment of the Division Bench has to be compiled within the prescribed time limit.

**6.** The remarks of Finance Department is given below:

"അബ്കാരി കുടിശ്ശിക ഈടാക്കുന്നതിനായുള്ള റവന്യൂ റിക്കവറി നടപടികളുടെ തുടർച്ചയായി ശ്രീ. മാത്യൂ മത്തായി എന്ന വ്യക്തിയിൽ നിന്നും, സർക്കാരിലേക്ക് ബോട്ട് ഇൻ ലാൻഡ് ആയി ഏറ്റെടുക്കുകയും പാല റവന്യൂ ഡിവിഷണൽ ആഫീസർ 11.02.1998-ലെ ഡി-5961/97 നമ്പർ നടപടിക്രമത്തിലൂടെ ലേല സ്ഥിരീകരണം നടത്തിയിട്ടുള്ളതുമായ 69.98 ആർ വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത നടപടിക്രമം റദ്ദാക്കിക്കൊണ്ട് കോടതി ഉത്തരവ് നടപ്പിലാക്കുന്ന വിഷയത്തിൽ നിയമവകുപ്പിന്റെയും Advocate General-ന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭരണ വകുപ്പിന് ഉചിത നടപടി സ്വീകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

**7.** The District Collector Kottayam has requested to issue orders regarding the reconveyance of bought-in-land since the arrears has already been remitted by the petitioner as per the directions of Government in accordance with the judgment of the Hon'ble Court. In addition to this, Sri. Mathew Mathai has submitted application for the reconveyance of bought-in-land before the District Collector on 19.10.2022.

**8.** When the file was circulated for orders, for cancellation of bought-in-land procedures taken for the realisation of Abkari Arrears from Sri. Mathew Mathai, Njarakkolil, Kozha P.O., Kuravilangad in 69.98 ares of land comprised in 45.00 ares of dry land in resurvey No. 348/2; 17.30 ares of wet land in resurvey No. 348/3 and 07.68 ares of dry land in resurvey No. 348/5 comprised in block No.8, in Kuravilangad village, in Meenachil Taluk, in Kottayam district; in compliance to the judgment dated 25.07.2022 in WA 967/16 of the

Hon'ble High Court of Kerala and for reconveyance of the bought-in-land to the defaulter on the basis of the remarks of Finance Department and Law Department and as per the opinion of Advocate General, the Hon'ble Chief Minister has ordered to place the matter for the consideration of the meeting of the Council of Ministers.

**Point For Decision**

Whether the bought-in-land proceedings carried out for the recovery of Abkari Arrears from Sri. Mathew Mathai, Njarakkolil, Kozha P. O., Kuravilangad in the 69.98 ares of land comprised in 45.00 ares of dry land in resurvey No. 348/2, 17.30 ares of wet land in resurvey No. 348/3, 07.68 ares of dry land in resurvey No. 348/5, in Block No. 8, in Kuravilangad village, in Meenachil Taluk, in Kottayam district may be cancelled in compliance with the judgment dated 25.07.2022 in W.A.967/2016 of Hon'ble High Court of Kerala and the bought-in-land may be re-conveyed to the petitioner, at his own expenses.